# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ -880      02.12.2015 ൽ മറുപടിയ്ക്ക്

### ബാവിക്കര റഗുലേറ്റർ കം ബ്രിഡ്ജ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൻ.എ.നെല്ലിക്കുന്ന് :** | **ശ്രീ.പി.ജെ.ജോസഫ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) കാസർകോഡ് ജില്ലയിലെ ബാവിക്കര റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം എപ്പോൾ പുനരാരംഭിക്കും എന്ന് വ്യക്തമാക്കാമോ; എത്ര ശതമാനം നിർമ്മാണമാണ് ഇതുവരെ പൂർത്തിയായിട്ടുള്ളത്; | (എ) പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തിക്ക് സപ്ലിമെന്ററി ഉടമ്പടി ഒപ്പു വയ്ക്കുവാൻ കരാറുകാരനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കരാർ ഉടമ്പടി പ്രകാരം മാത്രമേ പണി പുനരാരംഭിക്കുന്ന തീയതി കണക്കാക്കാൻ സാധിക്കുകയുള്ളൂ. ബാലൻസ് പ്രവൃത്തിയുടെ 20% ഇതു വരെ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) ഈ പ്രവൃത്തിയുടെ ഭരണാനുമതി തുകയും സാങ്കേതികാനുമതി തുകയും എത്രയാണ് ; ഈ പ്രവൃത്തിക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) പ്രവൃത്തിയുടെ ഭരണാനുമതി ആദ്യതവണ 258 ലക്ഷം രൂപയും സാങ്കേതികാനുമതി 263.45 ലക്ഷം രൂപയുമാണ്. രണ്ടാം തവണ ഭരണാനുമതി 820 ലക്ഷം രൂപയും സാങ്കേതികാനുമതി 785.55 ലക്ഷം രൂപയുമാണ്. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 2015 ൽ 1283.197 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നല്കിയിട്ടുണ്ട്. |

(സി) ബാവിക്കര റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം തുടങ്ങിയത് എന്നാണ്; ഈ പ്രവൃത്തി നീണ്ടുപോകാനുള്ള കാരണം എന്താണ്; ഇതിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ; നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

(സി) ഈ പ്രവൃത്തി തുടങ്ങിയത് 2005 ൽ ആയിരുന്നു. Site condition ൽ ഉണ്ടായ ചില അപ്രതീക്ഷിത വ്യതിയാനങ്ങൾ കാരണം രൂപകൽപ്പനയിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമായി വന്നു. ഇപ്രകാരമുള്ള അപ്രതീക്ഷിത സാങ്കേതിക കാരണങ്ങളാണ് പദ്ധതി നീണ്ടു പോകാൻ കാരണം. ഇപ്പോൾ പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം നല്കിയിട്ടുണ്ട്. സപ്ലിമെന്ററി എഗ്രിമെന്റ് വച്ചാലുടൻ പ്രവൃത്തി പുനരാരംഭിച്ച് 2017 മാർച്ചോടെ തീർക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**സെക്ഷൻ ഓഫീസർ**